# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 11/11/ 2020

## യുവാവിനെമർദ്ദിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച ഒന്നാം പ്രതി അറസ്റ്റിൽ




കൊല്ലം : കൊട്ടിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവന്ന കേസിലെ പ്രതിയെ ചാത്തന്നൂർ എ സി പിയുടെ മേൽനോട്ടത്തിൽ കൊട്ടിയം എസ് ഐ സുജീത് ജി നായരും സംഘവുമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. സംഭവത്തിന് ശേഷം ഒളിവിൽ പോകാൻ ശ്രമിച്ച പ്രതികളെ പിടികൂടുന്നതിലേക്കായി നടത്തിയ തെരച്ചിലിലാണ് ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്തത്. ഉമയനല്ലൂർ പന്നിമൺ പ്രശാന്ത് ഭവനിൽ പ്രസാദ് മകൻ പ്രശാന്താണ് (29)ആണ് അറസ്റ്റിലായത്. പ്രതികളായ പ്രശാന്ത്, ചന്തു, പക്രു, മദ്യപിക്കുന്നതും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിനെയും ഷിജു ചോദ്യം ചെയ്തതിലുള്ള വിരോധം നിമിത്തം 09.11.2020 വൈകി രാത്രി 8 മണിയോട് കൂടി തഴുത്തല മണ്ണഞ്ചേരി ക്ഷേത്രത്തിന്നസമീപം വച്ച് പ്രതികൾ ചീത്ത വിളിച്ചും വടികൊണ്ട് തലയ്ക്കു് അടിച്ച് ഷിജുവിനെ ഗുരുതരമായി പരിക്കേൽപ്പിക്കുകയും ദോഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവത്തിന് കൊട്ടിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു.

ജില്ലാ പോലീസ് മേധാവിയുടെ നിർദേശാനുസരണം ചാത്തന്നൂർ എ സി പി ശ്രീ ഷൈനു തോമസിൻറെ മേൽനോട്ടത്തിൽ കൊട്ടിയം സ്റ്റേഷൻ ചാർജ് വഹിക്കുന്ന കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ എസ് എച്ച് ഒ, യു പി വിപിൻ കുമാറിൻറെ നേതൃത്വത്തിൽ കൊട്ടിയം എസ് ഐമാരായസുജീത്ജി നായർ, പ്രവീൺ, സി പി ഒ സുഭാഷ്,എ ആർ സി പി ഒ മണികണ്ഠൻ, DVR CPO ദിലീപ് എന്നിവർ അടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രശാന്തിനെ കൊല്ലം ജെ എഫ് എം സി 2 കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. മറ്റ് രണ്ട് പ്രതികൾക്കായുള്ള തെരച്ചിൽ തുടരുന്നു.